**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2491** **13-09-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ ഏകീകൃത പൊതു സർവീസ് രൂപീകരിച്ചതുമൂലം ഉണ്ടായ പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ ഏകീകൃത പൊതു സർവീസ് രൂപീകരിച്ചതോടുകൂടി തൂതല പഞ്ചായത്തുകളിലും നഗരസഭകളിലും മതിയായ ജീവനക്കാർ ഇല്ലാത്തത് മൂലം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം ഭാഗീകമായി തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ആയത് അടിയന്തരമായി നികത്തുന്നതിന് വേണ്ട നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ആറ് വകുപ്പുകൾ ഏകീകരിച്ച് എൽ.എസ്.ജി.ഡി. ഏകീകൃത പൊതുസർവ്വീസ് രൂപീകരിച്ചതു കൊണ്ട് പൊതുജനങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അഞ്ചു വകുപ്പുകൾ ഏകീകരിച്ച് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചതോടെ വ്യത്യസ്ത അറകളായി കിടന്നിരുന്ന തൂതല പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ ജില്ലാ തലത്തിൽ ഒറ്റ ഉദ്യോഗസ്ഥ സംവിധാനം ഉപയോഗപ്പെടുത്തി പ്രവൃത്തിച്ചു തുടങ്ങി. മാലിന്യ സംസ്കരണം, സംയോജിത പദ്ധതി പ്രവർത്തനങ്ങൾ, ആസൂത്രണം തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ ഫലപ്രദമായ ഭരണ നിർവ്വഹണം ഇതുവഴി സാധ്യമായി തുടങ്ങി.<br><br>വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നത് വഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ |

| | | | |
|---|---|---|---|
| | | | മാറ്റുന്നതിനും സാധിക്കും. ഇലക്ട്രോണിക് വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്ന് ആയും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുക വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതിനും സേവന പ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്. |
| (സി) | കേരള മുനിസിപ്പൽ ആക്ട് പ്രകാരം ജോലിചെയ്യേണ്ട മുനിസിപ്പാലിറ്റി-കോർപ്പറേഷൻ ജീവനക്കാരും പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ജോലി ചെയ്യേണ്ട ത്രിതല പഞ്ചായത്ത് ജീവനക്കാരും പരസ്പരം ഓഫീസ് മാറി ജോലി ചെയ്യുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ജീവനക്കാർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഏകീകൃത പൊതു സർവീസ് രൂപീകരണവുമായി ബന്ധപ്പെട്ട് കില, ഐ.എം.ജി എന്നീ സ്ഥാപനങ്ങൾ മുഖേന ജീവനക്കാർക്കുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന വകുപ്പ് തലത്തിലും പരിശീലനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഏകീകൃത പൊതു സർവീസ് ജീവനക്കാരുടെ വിവിധ തസ്തികകളിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; കൃത്യസമയത്ത് സ്ഥാനക്കയറ്റം അടക്കമുള്ള ആനുകൂല്യങ്ങൾ തടസ്സമില്ലാതെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഏകീകൃത പൊതു സർവീസ് ജീവനക്കാരുടെ വിവിധ തസ്തികകളിലേക്കുള്ള 31.12.2022 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജീവനക്കാർക്ക് യഥാസമയം സ്ഥാനക്കയറ്റം തടസ്സമില്ലാതെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ